

# നാമ്പ്

digital magazine 2024

Little kites
GHS Odappallam




GOVT. HIGH SCHOOL ODAPPALLAM
VALLUVADI PO, SULTHAN BATHERY

PH: 04936 222073, e mail : ghsodappallam@gmail.com

പ്രിയ കൂട്ടുകാരെ,

കേരള സർക്കാരിന്റെ നാലു മിഷനുകളിലൊന്നായ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ ഭാഗമായി നമ്മുടെ പൊതു വിദ്യാലയങ്ങളിലെ പാഠ്യ പദ്ധതി, പഠനപ്രവര്ത്തനങ്ങൾ എന്നിവയിൽ പുതിയ കാഴ്ചപ്പാടുകൾ നടപ്പാക്കി വരികയാണല്ലോ....

ഇതിന്റെ ഭാഗമായി, വിവര സാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടം വിദ്യാർത്ഥികളിലും രക്ഷിതാക്കളിലുമെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ സ്ക്കൂളുകളിൽ രൂപീകരിക്കപ്പെട്ടതാണ് 'ലിറ്റിൽ കൈറ്റ്സ്'' ക്ലബ്ബ്.

നമ്മുടെ സ്ക്കൂളിലെ 'ലിറ്റിൽ കൈറ്റ്സ്'' ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു. കുറ്റങ്ങളും കുറവുകളും സദയം ക്ഷമിക്കുമല്ലോ....

– മാഗസിൻ സമിതി –

# ഓടപ്പള്ളം ഗവ. ഹൈസ്കൂൾ

വയനാടിന്റെ തെക്കു കിഴക്ക് ഭാഗത്തായി കാനനഭംഗി നിറഞ്ഞു നിൽക്കുന്ന ഗ്രാമം. കാട്ടു ചോലകൾ, കാട്ടാറുകൾ, കാടിന്റെ മക്കൾ, പച്ച വിരിച്ച വയലേലകൾ... എല്ലാംകൊണ്ടും പ്രകൃതി രമണീയമായ ഗ്രാമത്തിലെ ആദിമനിവാസികളുടെയും കുടിയേറ്റജനതയുടെയും സ്വപ്നസാക്ഷാത്കാരമായ ഓടപ്പള്ളം ഗവ. ഹൈസ്ക്കൂൾ, മനുഷ്യ പുരോഗതിയുടെ ചാല കശക്തിയായ വിദ്യാഭ്യാസം ഒരു നാടിന്റെ വികസനത്തിൽ ഒരു മുഖ്യപങ്കാണ് വഹിക്കുന്നത് എന്ന് അനുഭവങ്ങളിലൂടെ തെളിയിച്ചിട്ടുള്ള ഒരു വിദ്യാലയം. ഓടപ്പള്ളം ഗവ.ഹൈസ്കൂൾ പിന്നിട്ട നാൾവഴികളിലൂടെ നമുക്കൊരു ചരിത്രാന്വേഷണമാകാം.



## ഭൂമിശാസ്ത്രം

ഭൂമി ശാസ്ത്രപരമായി മറ്റ ജില്ലകളിൽ നിന്നും വ്യത്യസ്തമായ ജില്ലയാണ് വയനാട്. ദേശീയപാതയിൽ മൂലങ്കാവ് എന്ന സ്ഥലത്തു നിന്നും മൂന്ന് കിലോമീറ്റർ അകലെ വനാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഗ്രാമമാണ് ഓടപ്പള്ളം. ഘോരവനങ്ങളാൽ ചുറ്റപ്പെട്ട ഈ പ്രദേശം വന്യജീവികളുടെ വിഹാരമേഖല കൂടിയാണ്. ഇത് പലപ്പോഴും ജനങ്ങളുടെ സമാധാന ജീവിതത്തിന് ഭീഷണിയായിട്ടുമുണ്ട്. നാല് ഭാഗവും പന്തലിച്ച നിൽക്കുന്ന നിബിഡവനവും, കാട്ടുചോലകളും ഇവിടുത്തെ പ്രത്യേകതകളാണ്. അനുയോജ്യമായ കാലാവസ്ഥ, ചെളി കലർന്ന കറുത്ത മണ്ണ്, ജലലഭ്യത എന്നിവ കാർഷിക മേഖലയുടെ വളർച്ചയ്ക്ക് വളരെയേറെ സഹായിക്കുന്നു. ഇവിടുത്തെ പ്രധാന വിള നെല്ലായതിനാൽ വിളവെടുക്കുന്ന സമയമായാൽ ആനകൾ നിത്യസന്ദർശകരാകുന്നു. വ്യത്യസ്തങ്ങളായ വിളകളും വൈവിധ്യമാർന്ന കൃഷി രീതികളും ഇവിടെനിലനിൽക്കുന്നു.

1957 വരെ പുതുവീട് എന്ന പേരിലറിയപ്പെട്ടിരുന്ന പ്രദേശത്താണ് ഇന്ന് ഓടപ്പള്ളം സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇവിടെ നിന്നും രണ്ട് കിലോമീറ്റർ അപ്പുറത്താണ് ഓടപ്പള്ളം എന്ന ഗ്രാമം, ഓടകളാൽ (മുള) ചുറ്റപ്പെട്ട ഗ്രാമമായതിനാൽ ഓടപ്പള്ളം എന്ന പേര് ലഭിച്ചു എന്ന് പറയപ്പെടുന്നു. 1957ൽ സർക്കാർ സ്കൂൾ അനുവദിച്ചത് ഓടപ്പള്ളം എന്ന പ്രദേശത്തായിരുന്നു. എന്നാൽ സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ട ഭൂമിക്കായുള്ള അന്വേഷണത്തിൽ സ്ഥലം ലഭ്യമായത് പുതുവീട് പ്രദേശത്താണ്. അങ്ങനെ പുതുവീടിനെ ഓടപ്പള്ളമാക്കി മാറ്റിയത് സ്കൂൾ തന്നെയാണ്.



# എഴുത്തു കളരി

ഒരു വിദ്യാഭ്യാസ സ്ഥാപനം എന്നത് ഏതു നാടിന്റേയും സ്വപ്നമാണ്. അങ്ങനെയിരിക്കെ ദേശവാസികളായ നാട്ടുകാരുടെ, പ്രധാനമായും വലിയ നാരായണൻ ചെട്ടി, നമ്പ്യാംപറമ്പിൽ ചാക്കോ, പഴേരി വേലായുധൻ തുടങ്ങിയവരുടെ പരിശ്രമത്തിന്റെ ഫലമായി പത്ത് വിദ്യാർത്ഥികളോടു കൂടി 1953ൽ ഒരു എഴുത്തുകളരി പുതുവീട്ടിൽ സ്ഥാപിതമായി. അതോടു കൂടിയാണ് ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ ചരിത്രം അല്ലെങ്കിൽ വിദ്യാലയചരിത്രം ആരംഭിക്കുന്നത്.

ഉല്പതിഷ്ണുക്കളായനാട്ടുകാരുടെ ഉത്തരവാദിത്വത്തിൽ ഹരിശ്രീ കുറിച്ച് പള്ളിക്കൂടത്തിലേക്ക് എഴുത്തുകാരനായ ശ്രീ. കുഞ്ഞിരാമപണിക്കർ അധ്യാപകനായി നിയോഗിക്കപ്പെടുമ്പോൾ മാഷ് എന്ന സ്ഥാനപ്പേര് തന്റെ പേരിന്റെ കൂടെ ചേരുകയാണെന്ന് ജീവിതത്തിന്റെ രാശിപ്പലകയിൽ അദ്ദേഹത്തിനു പോലും കാണാൻ കഴിഞ്ഞിട്ടുണ്ടാവുകയില്ല. വല്ലപ്പോഴും മാത്രമേ കുഞ്ഞിരാമൻ മാസ്റ്റർ ലീവെടുക്കാറുള്ളൂ. അത്തരം ദിവസങ്ങളിൽ അദ്ദേഹത്തെ സഹായിക്കാൻ മറ്റൊരാളുണ്ടായിരുന്നു പഴേരിയിൽ താമസിക്കുന്ന ശ്രീ. രാജപ്പൻ. ഈ ഏകാദ്ധ്യാപക വിദ്യാലയം ശ്രീ. പഴേരി വേലായുധന്റെ പറമ്പിൽ താല്കാലിമായി കെട്ടിയുണ്ടാക്കിയ ഓല ഷെഡ്ഡിലേക്ക് മാറ്റി. അപ്പോഴേക്കും ഇതിന് സർക്കാർ അംഗീകാരം ലഭിക്കുന്നതിനുള്ള അണിയറ നീക്കങ്ങൾ തുടങ്ങി കഴിഞ്ഞിരുന്നു. മൂലങ്കാവിൽ താമസിച്ചിരുന്ന ശ്രീ. രാമദാസൻ അണിയിൽ പ്രവർത്തിച്ചവരിൽ ഒരാളാണ്.



## ഇ.എം.എസ്. സർക്കാറിന്റെ കീഴിലെ ആദ്യ വിദ്യാലയം

വനത്താൽ ചുറ്റപ്പെട്ട ഓടപ്പള്ളം എന്ന പ്രദേശത്ത് വയനാടൻ ചെട്ടിമാരും പണിയരും കുറുമരുമാണ് പ്രധാനമായും അധിവസിച്ചിരുന്നത്. ആദ്യം മുതൽക്കേ ഒട്ടേറെ വന്യജീവിവിഭീഷണികൾക്ക് ഗ്രാമം വിധേയമായിരുന്നു. വന്യജീവിവിഭീഷണി ഏകാദ്ധ്യാപക വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളെ പലപ്പോഴും പ്രതികൂലമായി ബാധിച്ചു. അങ്ങനെ അഞ്ച് വർഷത്തോളം ഇവിടെ വിദ്യാഭ്യാസരംഗത്ത് വലിയ പുരോഗതിയില്ലാതെ കടന്നുപോയി. അങ്ങനെ 1957ൽ ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള പ്രഥമ കേരള സർക്കാർ ഏകാധ്യാപക വിദ്യാലയത്തെ സർക്കാർ എൽ.പി. സ്കൂൾ ആക്കി അംഗീകാരം നൽകി.

എൽ.പി. സ്കൂൾ അനുവദിച്ചത് ഓടപ്പള്ളത്തായിരുന്നുവെങ്കിലും പുതുവീട് നാരായണൻ ചെട്ടിയുടെയും പഴേരി വേലായുധന്റേയും നമ്പ്യാപറമ്പിൽ ചാക്കോ എന്നിവരുടെയും പരിശ്രമഫലമായി ആ വിദ്യാലയം പുതുവീട് എന്ന സ്ഥലത്ത് സ്ഥാപിതമായി.

ഈ സരസ്വതി ക്ഷേത്രത്തിലേക്ക് കാലെടുത്തുവെച്ച ആദ്യ വിദ്യാർത്ഥിയാകാൻ ഭാഗ്യം ലഭിച്ചത് പുതുവീട്ടിൽ പി. നാരായണൻ ചെട്ടിയുടെ മകൻ പി. ഗോവിന്ദനനാണ്. 30.03.1957ൽ അഡ്മിഷൻ നമ്പർ 1 ആയി 1. പി.ഗോവിന്ദൻ അധ്യായനത്തിന് തുടക്കം കുറിച്ചു. ആദ്യ പി.ടി.എ. പ്രസിഡണ്ട് പി. നാരായണൻ ചെട്ടി ആയിരുന്നു. ഒരു നാടിന്റെ സ്വപ്നം യാഥാർത്ഥ്യമാകുമ്പോൾ അതിൽ നിന്ന് പിന്തിരിഞ്ഞു നിൽക്കാൻ ഇവിടുത്തെ ആദിവാസി വിഭാഗങ്ങൾക്കും കഴിഞ്ഞില്ല. പ്രദേശത്തെ 80% ആദിവാസികളുടെയും ഇടയിലേക്ക് അറിവിന്റെ പൊൻവെളിച്ചം വീശാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു.

കേരള വിദ്യാഭ്യാസ വകുപ്പിന്റെ നിയമന ശുപാർശയുമായി 1987 ഒക്ടോബർ 10നാണ് ആദ്യത്തെ ഔദ്യോഗിക എച്ച്എം ആയി ശ്രീ. എം.എൽ ജോസ് ചാർജെടുത്തത്. അതിനു മുമ്പ് ശ്രീ. നാരായണൻ അടിയോടി എന്ന അധ്യാപകൻ പ്രൊവിഷണൽ എച്ച്.എം. ആയിട്ടുണ്ടായിരുന്നുവെന്നും അനുഭവജ്ഞർ പറയുന്നു. ഓടപ്പള്ളം എൽ.പി. സ്കൂളിന് ഒരു മെയിൻ ബിൽഡിംഗ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. എൽ പി.യെ യു പി ആക്കാൻ പരിശ്രമം തുടങ്ങി. നാട്ടു കാർ പണം സ്വരൂപിച്ച് ഒരു ബിൽഡിംഗ് പണി കഴിപ്പിച്ചു. ജനകീയ ഇടപെടലുകളോടെ നടത്തിയ ശ്രമങ്ങൾക്കൊടുവിൽ യു.പി. സ്കൂൾ എന്ന ലക്ഷ്യവും സാക്ഷാത്കരിച്ചു. അടുത്ത ശ്രമം ഈ വിദ്യാലയത്തെ ഒരു ഹൈസ്കൂളായി ഉയർത്തുക എന്നതായിരുന്നു. സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകിയാൽ ഹൈസ്കൂളായി ഉയർത്തികിട്ടും എന്നറിഞ്ഞതോടെ 1983-ൽ അതിനുള്ള ശ്രമങ്ങളാരംഭിച്ചു. നാട്ടുകാർ പണം സ്വരൂപിച്ച് ബിൽഡിംഗ് നിർമ്മിച്ചു. അങ്ങനെ 1983-ൽ ഹൈസ്കൂൾ യാഥാർത്ഥ്യമായി.

അതിനായി പ്രധാന സഹകരണം നൽകിയവർ ചെറിയ നാരായണൻ ചെട്ടി, കൊച്ചേരി കുഞ്ഞ്, ആവേത്തുംകുടി രാഘവൻ, പി.കെ. കേശവൻ, എൻ.എ. കുമാരൻ, തയ്യിൽ ജോർജ്ജ് തുടങ്ങിയവരായിരുന്നു. സ്കൂൾ സ്ഥാപനത്തോടെ ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസസൗകര്യങ്ങൾ മെച്ചപ്പെട്ടു. വിദ്യാലയ പ്രവേശനം നേടാത്തവർ ഇല്ലെന്ന സാഹചര്യം രൂപപ്പെട്ടു. കൊഴിഞ്ഞ്പോക്കിൽ ഗണ്യമായ കുറവുവന്നു. സാമ്പത്തിക പരാധീനതയിലും കുട്ടികൾ സ്കൂളിലെത്തിച്ചേർന്നു. അറിവിന്റെ ഔന്നത്യം കീഴടക്കിയവർ സമൂഹത്തിന്റെ വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരായി. സാമൂഹ്യ പദവികളിലും സാമ്പത്തിക ചുറ്റുപാടുകളിലും ഗുണപരമായ മാറ്റങ്ങളുണ്ടായി. സാംസ്കാരിക വികസനത്തിന് ഈ നാടിനെ പ്രാപ്തമാക്കി.

സാമൂഹ്യവിവേചനത്തിന്റെ വേലികൾ പൊളിച്ചു മാറ്റപ്പെട്ടു. അവകാശബോധമുള്ള തലമുറയുടെ പിറവിക്ക് വഴിതെളിച്ചു. ഓടപ്പള്ളം ഹൈസ്കൂൾ ഈ നാടിന്റെ വികസനത്തിനുള്ള പുതുവഴികൾ വെട്ടിതെളിക്കുകയായിരുന്നു.

## ഇപ്പോഴത്തെ ജി.എച്ച്.എസ്. ഓടപ്പള്ളം

22 അദ്ധ്യാപരും 4 ഓഫീസ് സ്റ്റാഫും 2 റിസോഴ്സ് അധ്യാപകരും ഒരു ഗോത്രബന്ധു അധ്യാപികയും ഇവിടെ ജോലി ചെയ്യുന്നു. കുട്ടികൾക്കായി പ്രത്യേകം കൗൺസിലറുമുണ്ട്. ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിലായി 536 കുട്ടികൾ കൂടാതെ



പ്രീ പ്രൈമറി വിഭാഗത്തിൽ 50 കുട്ടികളും പഠിച്ചു വരുന്നു. ശ്രീമതി കമലം കെ. ഹെഡ്മിസ്ട്രസ്സായും ശ്രീ.എം. സി. ശരത് പി.ടി.എ. പ്രസിഡണ്ടായും പ്രവർത്തിച്ചു വരുന്നു.

1999 – 2000ത്തിൽ രാജ്യസഭാ അംഗമായ ശ്രീ. വിജയരാഘവൻ എം.പി. യുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ബിൽഡിംഗിൽ ആണ് ഇന്ന് സ്കൂൾ ഓഫീസ് പ്രവർത്തിക്കുന്നത്.

എസ്.എസ്.എ. യുടെ രണ്ട് ക്ലാസ് മുറികളും ആർ.എസ്.വി.വൈ പദ്ധതി പ്രകാരം ലഭിച്ച സയൻസ് ലാബ് കെട്ടിടവും നിലവിലുണ്ട്. വാർഡ് മെമ്പർ ശ്രീ. ബേബി വർഗ്ഗീസിന്റെ പരിശ്രമഫലമായി നിർമ്മിച്ച പാചകപ്പുര 2007 ൽ ബത്തേരി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ബാബു പഴപ്പത്തൂർ ഉദ്ഘാടനം ചെയ്തതാണ്. 2016ൽ രാജ്യസഭാംഗം ശ്രീ.കെ.രാഗേഷ് നൽകിയ സ്കൂൾ ബസും നിലവിലുണ്ട്.

സ്കൂളിൽ കുട്ടികൾക്കായി കുട്ടികൾ തന്നെ നടത്തുന്ന സ്കൂൾ മാർക്കറ്റുണ്ട്. കൂടാതെ കുട്ടികളുടെ സ്കൂൾ സ്റ്റുഡിയോ, സ്റ്റുഡന്റ്സ് സേവിങ്സ് ബാങ്ക് എന്നിവയുമുണ്ട്. എക്സൈസ് വകുപ്പിന്റെ സഹായത്തോടെ നിർമിച്ച ശലഭ പാർക്ക് സ്കൂളിന്റെ മുഖ്യ ആകർഷണമാണ്.

എൽ.പി.വിഭാഗത്തിലെ ക്ലാസ്സ്മുറികളെല്ലാം ആകർഷകമായ ഫർണിച്ചറുകളുള്ള ശലഭവിദ്യാലയം ക്ലാസ്സ്മുറികളാണ്. യു.പി. വിഭാഗത്തിൽ ബത്തേരി നഗരസഭയുടെ സഹായത്തോടെ ഒരുക്കിയ, ഓരോ കുട്ടിക്കും പ്രത്യേകം ഇരിപ്പിടങ്ങളുള്ള യൂറോപ്യൻ മാതൃകയിലുള്ള ക്ലാസ്സ്മുറികളാണ്.

പൂർവ്വവിദ്യാർത്ഥിയായ എൻ.എ. ജയന്റെ സഹായത്തോടെ ആരംഭിച്ച ഇംഗ്ലീഷ് ലാബ് സിൽ ഇന്ത്യ ഫൗണ്ടേഷന്റെ സഹായത്തോടെ അത്യാധുനിക സൗകര്യങ്ങളുള്ള ലാംഗ്വേജ് ലാബാക്കി മാറ്റിയിട്ടുണ്ട്. 22 വിദേശരാജ്യങ്ങളിൽ നിന്നുള്ള കുട്ടികളും അധ്യാപകരും ലാബിൽ ഓടപ്പള്ളത്തെ കുട്ടികളോട് ഈ സംവിധാനം ഉപയോഗപ്പെടുത്തി ഓൺലൈനായി സംവദിക്കുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് ലാബിൽ കുട്ടികൾ ഇംഗ്ലീഷ് പഠിക്കുന്നത്.



നാടൻകലകൾ പരിശീലിക്കാനും അവതരിപ്പിക്കാനും സിൽ ഇന്ത്യ ഫൗണ്ടേഷന്റെ ധനസഹായത്തോടെ നിർമിച്ച സംസ്കൃതി ഓപ്പൺ തിയേറ്റർ പ്രവർത്തിക്കുന്നു.

സംസ്ഥാന സർക്കാരിന്റെയും നഗരസഭയുടെയും സഹായത്തോടെ എല്ലാ ക്ലാസ്സ്മുറികളും ഹൈടെക്കായി. സുൽത്താൻ ബത്തേരി നഗരസഭയുടെ സഹകരണത്തോടെ നിരവധി നവീകരണ പ്രവർത്തനങ്ങൾ ഓരോ വർഷവും നടന്നു വരുന്നു. അറിവിന്റെ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ച് നടത്താൻ 7000 പുസ്തകങ്ങൾ അടങ്ങിയ വിശാലമായ ലൈബ്രറിയുണ്ട്. കൂടാതെ മികച്ച ലാബ്, ഇന്റർനെറ്റോടു കൂടിയ ഐ.ടി.ലാബ് തുടങ്ങിയവയെല്ലാം സ്കൂളിനെ അലങ്കരിക്കുന്ന പൊൻതൂവലുകളാണ്. വിശാലമായ സ്കൂൾ ഗ്രൗണ്ട്, ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് നിർമ്മിച്ച ചുറ്റുമതിൽ ഇവയെല്ലാം സ്കൂളിന് അഭിമാനിക്കാവുന്നവ തന്നെ.

## അംഗീകാരങ്ങളുടെ നിറവിൽ മാതൃകാ വിദ്യാലയം

സംസ്ഥാനത്ത് സർഗാത്മകമായ നിരവധി പ്രവർത്തനങ്ങളിലൂടെ മാതൃകയായി മാറാൻ സ്കൂളിനു കഴിഞ്ഞിട്ടുണ്ട്. 2017ൽ RMSA കേരളത്തിലെ ഏറ്റവും മികച്ച മാതൃകാ പ്രവർത്തനം നടത്തിയ സ്കൂളിനുള്ള 'മികവ് 2017' അവാർഡ് നമ്മുടെ സ്കൂളിനാണ് ലഭിച്ചത്. 2017ൽ തന്നെ എസ്.എസ്.എയുടെ ദേശീയ സെമിനാറിൽ സ്കൂളിന് അംഗീകാരം ലഭിച്ചു. 2019ൽ SCERT സ്കൂളിനെപ്പറ്റി ഡോക്യുമെന്ററി പുറത്തിറക്കി. 2020ൽ പ്രൈമിനിസ്റ്റേഴ്സ് അവാർഡിനായി സ്കൂളിനെ ജില്ലാ കലക്ടർ നോമിനേറ്റ് ചെയ്യുകയുണ്ടായി. 2022ൽ സംസ്ഥാനത്തെ ഏറ്റവും മികച്ച വിദ്യാലയങ്ങൾ മാറ്റുരയ്ക്കുന്ന ഹരിതവിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റി ഷോയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. നഗരസഭയിലെ ഹരിത ഓഡിറ്റിൽ ഏറ്റവും ഉയർന്ന സ്കോറോടെ എ ഗ്രേഡ് നേടിയ വിദ്യാലയമാണ് നമ്മുടേത്. കൂടാതെ 2022 വർഷത്തിൽ ശുചിത്വത്തിനായി ജില്ലാതലത്തിൽ നൽകി വരുന്ന സ്വച്ഛ് ഭാരത് പുരസ്കാരവും നേടി അഭിമാനമായി

മാറിയിരിക്കുകയാണ് നമ്മുടെ വിദ്യാലയം.
നഗരസഭാതലത്തിലുള്ള സ്റ്റുഡന്റ്സ് കൗൺസിൽ പ്രൊജക്ട് അവതരണത്തിൽ ഒന്നാം സ്ഥാനം നേടിയത് നമ്മുടെ വിദ്യാലയമാണ്.
കഴിഞ്ഞ 5 വർഷങ്ങളായി തുടർച്ചയായി നൂറുമേനി SSLC വിജയത്തിളക്കത്തിലാണ് നമ്മുടെ സ്കൂൾ. കൂടാതെ LSS, USS പരീക്ഷകളിലും സംസ്ഥാന – ജില്ലാ മേളകളിലും സ്കൂൾ നേട്ടങ്ങൾ കൊയ്തു.



യാത്രാ വിവരണം
അബിൻ ബാബു . എസ് . ബി

# അനന്തപുരി യാത്ര



പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഹരിതവിദ്യാലയം റിയാലിറ്റി ഷോയ്ക്ക് ഞങ്ങളുടെ വിദ്യാലയവും തെരഞ്ഞെടുക്കപ്പെട്ടു. ആ ടീമിൽ ഞാനും ഉൾപ്പെട്ടിരുന്നു. അത് എനിക്കു വലിയ സന്തോഷംനൽകി. സ്കൂളിലെ ഡോക്യുമെന്റേഷന് ശേഷമുള്ളത്. ഫ്ളോർഷൂട്ടിംഗ് ആയിരുന്നു. ഫ്ളോർ ഷൂട്ടിംഗ് നിഷ്ചയിച്ചിരുന്നത് തിരുവനന്തപുരത്തുള്ള 'ചിത്രാഞ്ജലി' സ്റ്റുഡിയോയിലായിരുന്നു. അതിന് വേണ്ടി ഞങ്ങളുടെ ഞങ്ങളുടെ പ്രിയപ്പെട്ട ഹെഡ്മിസ്ട്രസ് കമലം ടീച്ചർ, PTA പ്രസിഡണ്ട് റെബിചേട്ടൻ എന്നിവരുടെ നേതൃത്വത്തിൽ നവംബർ 30ന് യാത്രതിരിച്ചു. കോഴിക്കോട് വരെ ബസിലും തുടർന്ന് തീവണ്ടിയിലും യാത്ര ചെയ്യാനാണ് തീരുമാനിച്ചത്. അതനുസരിച്ച് അന്നു രാവിലെ 8.30ന് സു.ബത്തേരി KSRTC ഗാരേജിൽ എത്തി. എല്ലാവരും വന്നു ചേർന്നപ്പോൾ കോഴിക്കോടേയ്ക്കുള്ള ഒരു ബസിൽ കയറി. കോഴിക്കോട്ടേയ്ക്ക് നിരവധി തവണ പോയിട്ടുള്ളതിനാൽ ആ യാത്രയിൽ വലിയ അത്ഭുതമൊന്നും തോന്നിയില്ല്. എന്നാലും വയനാടിന്റെ ഹരിതഭംഗിയും ചുരത്തിന്റെ വശ്യതയും ആവോളം ആസ്വാദിച്ചു. അങ്ങനെ ഉച്ചയായപ്പോൾ കോഴിക്കോട് എത്തിചേർന്നു. ഓട്ടോയിൽ കയറി റെയിൽവേസ്റ്റേഷനിൽ എത്തിച്ചേർന്നു. അവിടെ ഫ്ളാറ്റ് ഫോമിൽ ഇരുന്ന് ഞങ്ങളുടെ കൈവശം ഉണ്ടായിരുന്നു. ഉച്ചഭക്ഷണം കഴിച്ചു. ശേഷം ട്രെയിനിൽ കയറി ട്രെയിനിലെ ഭക്ഷണം വയറിന് എന്തെങ്കിലും അസുഖം പിടിച്ചാലോ എന്ന് മുൻകരുതൽ എടുത്തതു കൊണ്ട് ട്രെയിനിൽ നിന്ന് ഭക്ഷണം ഒന്നും കഴിച്ചില്ല. ചായ മാത്രം കുടിച്ചു.

ട്രെയിനിൽ മുമ്പ് കയറിയിട്ടുണ്ടെങ്കിലും ഇത്രയും ദൂരം യാത്രചെയ്യുന്നത് ആദ്യമായിട്ടായിരുന്നു. അതിന്റെ കൗതകത്തിൽ യാത്ര തുടങ്ങി. ആദ്യം വേഗതയില്ലായിരുന്നുവെങ്കിലും പിന്നീട് വേഗത കൂടി വന്നു. പ്രധാനപ്പെട്ട സ്റ്റേഷനുകളും സ്ഥലങ്ങളും പല ജില്ലകളും പിന്നിട്ട് 8 മണിക്കൂറത്തെ യാത്രയ്ക്ക് ശേഷം രാത്രി 9

മണിയോട് കൂടി തമ്പാനൂർ റെയിൽവെ സ്റ്റേഷനിൽ എത്തിച്ചേർന്നു. അങ്ങനെ ആദ്യമായി നമ്മുടെ തലസ്ഥാന നഗരമായ തിരുവനതപുരത്ത് കാലുകുത്തി. അവിടെ നിന്ന് ഓട്ടോറിക്ഷയിൽ കയറി പെരുന്താണി എന്ന സ്ഥലത്തുള്ള 'മിത്രാനികേതൻ' കോമ്പൗണ്ടിൽ എത്തിച്ചേർന്നു. അവിടെയാണ് താമസം ഒരുക്കിയിരുന്നത്.

സ്വാതി തിരുന്നാൾ മഹാരാജാവിന്റെ അമ്മ വീട് ഉൾപ്പെട്ട കെട്ടിടത്തിലായിരുന്നു. ഞങ്ങൾ താമസിച്ചിരുന്നത്. അതൊരു നല്ല അനുഭവം ആയിരുന്നു. അന്ന് രാത്രിയിൽ അവിടെ ഒരു വീഡിയോ ആൽബത്തിന്റെ ഷൂട്ടിംഗ് നടക്കുന്നുണ്ടായിരുന്നു.

അവിടെ ഒരു തമ്പ്രാൻ ഉണ്ടായിരുന്നു. അത് യഥാർത്ഥ തമ്പ്രാൻ ആണെന്ന് ഞങ്ങൾ വിചാരിച്ചു. ഷൂട്ടിന് വേണ്ടി വേഷം ധരിച്ച് തമ്പ്രാൻ ആയിരുന്നു അതെന്ന്് പിന്നീടാണ് മനസ്സിലായത്. ആ അമളിയോർത്ത് പിന്നീട് ഞങ്ങൾ കുറെ ചിരിച്ചു

മുറിയിൽ എത്തി രാത്രി ഭക്ഷണം കഴിച്ച് കിടന്നു. തിരുവനന്തപുരം രുചിയും ്അങ്ങനെ ആദ്യമായി അറിഞ്ഞു. കുറച്ച് നേരം അവിടെയൊക്കെ നടന്ന് കണ്ടതിന് ശേഷം ഉറങ്ങാൻ കിടന്നു. രാവിലെ നേരത്തെ എഴുന്നേറ്റ് അവിടെഎല്ലാം ഒന്നുകൂടി ചുറ്റി കണ്ടു. ശേഷം തയ്യാറായി സ്റ്റുഡിയോയിലേയ്ക്ക് പുറപ്പെട്ടു. ബസിൽ കിഴക്കേകോട്ട എന്ന സമലത്തിറങ്ങി അവിടെ നിന്ന് മറ്റൊരു ബസിൽ കയറി തിരുവല്ലം എന്ന സ്ഥലത്തിറങ്ങി കുറച്ച് നേരം നടന്നാൽ മാത്രമേ സ്റ്റുഡിയോയിലേയ്ക്ക് എത്തുകയുള്ളു. വളരെ ഉത്സാഹത്തോടെ യാത്ര തുടങ്ങിയ ഞങ്ങൾ കുറച്ച് കഴിഞ്ഞപ്പോൾ ക്ഷീണിച്ച് പോയി. മുകളിലേയ്ക്കുള്ള കയറ്റം ബുദ്ധിമുട്ടായതുകൊണ്ട് അദ്ധ്യാപകർ സംഘാടകരെ ബന്ധപ്പെടുകയും അങ്ങനെ അവർ അയച്ചു തന്ന കാറിൽ സ്റ്റുഡിയോയിൽ എത്തിച്ചേരുകയും ചെയ്തു. ഇതിനിടയിൽ ഒരു സംഭവമുണ്ടായി. ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന ഒരു മാമൻ ബസിൽ നിന്ന് ഇറങ്ങാൻ വിട്ട് പോയി. നിരവധി ഫോൺ വിളികൾക്ക് ശേഷം മറ്റൊരു മാമൻ അദ്ദേഹത്തെയും കൂട്ടി വന്നു. അങ്ങനെ ഞങ്ങൾ എല്ലാവരും പ്രഭാത ഭക്ഷണം കഴിച്ച് ഷൂട്ടിന് വേണ്ടി തയ്യാറായി.



വളരെ വിശാലമായ ഒരു കോമ്പൗണ്ട് ആണ് ചിത്രാഞ്ജലി സ്റ്റുഡിയോ. ആദ്യമായിട്ടാണ് അങ്ങനെ ഒരു സ്റ്റുഡിയോ കാണുന്നത്. വളരെ കൗതുകത്തോട് കൂടി അവിടെയൊക്കെ ചുറ്റിനടന്ന് കാണുകയും കളിക്കുകയും ചെയ്തു. കിടിലൻ ആമ്പിയൻസുള്ള സ്ഥലമാണത്. പിന്നീട് ഗ്രൂമേഴ്സ് ഞങ്ങളെ പരിശീലിപ്പിക്കുകയും മോട്ടിവേഷൻ നൽകുകയും ചെയ്തു. പിന്നീട് മേക്കപ്പിടാൻ പോയി. അവിടെ നിന്ന് നല്ല് പ്രതികരണം ലഭിച്ചു. അങ്ങനെ ഷൂട്ടിനായി സ്റ്റുഡിയോയ്ക്കുള്ളിൽ കയറി AC യുടെ തണുപ്പിൽ ഞങ്ങളിരുന്നു. അവിടുത്തെ ലൈറ്റുകളും ക്രമീകരണങ്ങളും ഞങ്ങൾക്ക് പുതിയ അനുഭവമായിരുന്നു.

അധികം പ്രയാസമുള്ള ചോദ്യങ്ങളൊന്നും ജൂറി ഞങ്ങളോട് ചോദിച്ചില്ല. വലരെ സ്നേഹത്തോടെയും

സൗഹൃദത്തോടെയുമാണ് അവർ ഇടപെട്ടത് പ്രത്യേകിച്ച് ജൂറി അംഗമായിരുന്ന പീയൂഷ് ആന്റണി സർ അവരുടെ ചോദ്യങ്ങൾക്കെല്ലാം തൃപ്തികരമായി ഉത്തരം പറയുവാൻ കഴിഞ്ഞു. അതിന് ശേഷം ഉച്ചഭക്ഷണം കഴിച്ചു. അവിടെയുള്ള സിനിമ മ്യൂസിയം സന്ദർശിച്ചു. പഴയ ക്യാമറകളും, ഫിലിമുകളും കണ്ടു പഴയകാല നടീ-നടൻമാർ, സംവിധായകർ പ്രഗത്ഭരായ സിനിമാ പ്രവർത്തകർ

മുതലായവരുടെ ചിത്രങ്ങൾ കണ്ടു. മലയാള സിനിമയുടെ ചരിത്രം ചെറിയ സമയത്തിനുള്ളിൽ കുറഞ്ഞ സമയത്തിനുള്ളിൽ അറിയാൻ കഴിഞ്ഞു. എന്നതും ഞങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യസ്ഥമായ അനുഭവമായിരുന്നു.

പിന്നീട് കോമ്പൗണ്ടിൽ തന്നെയുള്ള ലാൻഡ്സ്കേപ്പ് കാണാൻ പോയി അവിടെ നിന്നാൽ വിമാനം കൈയെത്തിപിടിക്കാൻ കഴിയുമോ എന്ന് തോന്നും. അവിടേയ്ക്ക് പോകുന്ന സമയം നമ്മുടെ വയനാട്ടിലുള്ള കാട്ടിലൂടെ നടക്കുന്ന അനുഭവം ആയിരുന്നു. നല്ല1രു പാർക്കും ധാരാളം ചെടികളുമൊക്കെയുള്ള ഏറുമാടത്തിൽ കയറി നിന്നാൽ അങ്ങകലെ അറബികടൽ കാണാം. കുറച്ച് നേരത്തേയ്ക്ക് ആ വിസ്മയത്തിൽ നിന്ന് കണ്ണെടുക്കാൻ കഴിഞ്ഞിട്ടില്ല. ആദ്യം അത് ആകാശമാണോ എന്ന് കരുതി പോയി. സൂഷ്മമായ നിരീക്ഷണത്തിൽ നിന്ന് ബോട്ടുകളും വള്ളങ്ങളുമൊക്കെ പോകുന്നത് കണ്ടപ്പോഴാണ് ശരിയ്ക്കും അത് കടലാണെന്ന് തിരിച്ചറിഞ്ഞത്. അത്ഭുതപ്പെടുത്തുന്നആ മനോഹരദൃശ്യം കണ്ട് കൊണ്ട് നിന്നപ്പോൾ അതാ വരുന്നു മറ്റൊരു അത്ഭുതം. വലിയ ഇരമ്പത്തോട് കൂടി ഒരു വിമാനം ഞങ്ങളുടെ തലയ്ക്ക് മുകളിലൂടെ പറന്നു വരുന്നു. ആ കാഴ്ചയുടെ സന്തോഷം പറഞ്ഞറിയിക്കാൻ കഴിയില്ല. വലിയ ആഹ്ലാദത്തോടെ പരിസരം മറന്ന് ആ കാഴ്ച ഞങ്ങൾ കണ്ടു നിന്നു. പറന്ന് പറന്ന് അത് അങ്ങകലെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ റൺ-വെയിൽ ഇറങ്ങുന്നത് വരെ കാണാൻ കവിഞ്ഞു. ആ ദൃശ്യങ്ങളും ക്യാമറയിൽ പകർത്തി.

പിന്നീട് ഞങ്ങൾ കോവളം ബീച്ച് സന്ദർശിക്കുന്നതിന് വേണ്ടി പോയി. ഇത്തിരി വൈകിയാണ് അവിടെ എത്തിയത്. അതു കൊണ്ട് പകൽ വെളിച്ചത്തിൽ വളരെ കുറച്ച് നേരം മാത്രേ കടൽ കാണാൻ കഴിഞ്ഞുള്ളു. വിമാനത്തിന്റെ കാഴ്ചപോലെ ഞങ്ങളിൽ പലരും ആദ്യമായിട്ടായിരുന്നു കടൽ കാണുന്നത്. അതു കൊണ്ട് ഇരുട്ടിയിട്ടും ഞങ്ങൾ ഏറെ നേരം കടൽകരയിൽ കളിച്ചു. അപ്പോഴൊന്നും ആർക്കും ഒരു പ്രശ്നവും ഉണ്ടായിരുന്നില്ല. ശേഷം എല്ലാവരും ചേർന്ന് ബസിൽ കയറി കിഴക്കേകോട്ടയിലെത്തി. അവിടെ പഴവങ്ങാടി എന്ന സ്ഥലത്തുള്ള ഒരു ഹോട്ടലിൽ നിന്ന് രാത്രി ഭക്ഷണം കഴിച്ച് താമസ സ്ഥലത്തേയ്ക്ക് പോയി.

പിറ്റേന്ന് രാവിലെ ഭക്ഷണം കഴിച്ച് തിരിച്ച് വന്നപ്പോഴാണ് ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടത് ഞങ്ങളുടെ കൂടെയുള്ള ഒരു കുട്ടിയ്ക്ക് കണ്ണിന് ചെറിയൊരു വ്യത്യാസം. കണ്ണൊക്കെ ചുവന്നിരിക്കുന്നു. ആദ്യം ഒന്നും മനസിലായില്ല. അത് ശ്രദ്ധിക്കാതെ ഞങ്ങൾ അന്നത്തെ യാത്ര തുടങ്ങി. ഞങ്ങളുടെ താമസ സ്ഥലത്തിന് വളരെ അധികമല്ലാതെയാണ് പദ്മനാഭപുരം ക്ഷേത്രം. അവിടുത്തെ പ്രതിഷ്ഠയായ അനന്തപദ്മനാഭനിൽ നിന്നാണ് തിരുവനന്തപുരം എന്ന സ്ഥലനാമം ഉണ്ടായതെന്നും അത് പിന്നീട് തിരുവനന്തപുരം ആയി മാറിയതെന്നും അറിയാൻ കഴിഞ്ഞു. ഞങ്ങൾ ആ ക്ഷേത്രത്തിൽ പോയി. അതിന് സമീപത്ത് ധാരാളം മീനുകൾ നീന്തിത്തുടിക്കുന്ന പദ്മനാഭകുളമുണ്ട്. കുറച്ച് നേരം അത് കണ്ടു നിന്നു. അതിനടുത്തുള്ള ഒരു കെട്ടിടത്തിൽ ഒരു ഘടികാരമുണ്ട്. ഓരോ മണിക്കൂർ കഴിയുമ്പോഴും മണിയടിക്കും. ഭാഗ്യ വശാൽ ഞങ്ങൾക്ക് അത് കാണാൻ സാധിച്ചു.

പിന്നീട് ഞങ്ങൾ PMG എന്ന സ്ഥലത്തുള്ള പ്ലാനറ്റേറിയം കാണാൻ പോയി ബഹിരാകാശ വിസ്മയങ്ങളെ പരിചയപ്പെടുത്തുന്ന പ്രദർശനം കണ്ടു. മനോഹരം എന്നു പറഞ്ഞാൽ അതിമനോഹരം. ജീവിതത്തിൽ ഒരിക്കലെങ്കിലും കൂട്ടുകാർ അതൊന്ന് കണ്ടിരിക്കണം അത്രയേറെ വിസ്മയങ്ങൾ ഒളിപ്പിച്ച് വച്ചിരുന്ന ഒരു സ്ഥലമാണ് പ്രദർശനം കണ്ടതിന് ശേഷം ധാരാളം സമയം ഞങ്ങൾ അവിടെ ചിലവഴിച്ചു. ഈ സമയത്ത് അസുഖം വന്ന കുട്ടിയെയും കൊണ്ട് ടീച്ചർ ഡോക്ടറെ കാണാൻ പോയി ഞങ്ങൾ കാത്തിരുന്നു. ഒടുവിൽ അവർ വന്നു. അവരെയും കൂട്ടി ഞങ്ങൾ തിരുവനന്തപുരം മ്യൂസിയം സന്ദർശിച്ചു. വളരെ വിശാലമായ സ്ഥലമാണത്. മനോഹരമായ പുഷ്പങ്ങൾ വിരിഞ്ഞ് നിൽക്കുന്നു. മനോഹരമായി അലങ്കരിച്ച ഒരു സ്ഥലം കൂടിയാണത്. അവിടെ

അധിക സമയം നിൽക്കാൻ മഴ ഞങ്ങളെ അനുവദിച്ചില്ല. എന്നത് വളരെ ദു:ഖകരമായിരുന്നു. പെട്ടെന്ന് കാലാവസ്ഥ മാറിയതിനാൽ ഒരു സുഖവുമുണ്ടായില്ല. അതു കൊണ്ട് ഞങ്ങൾ സിനിമ കാണാൻ തീരുമാനിച്ചു. ഒരു ചായ കുടിച്ചതിന് ശേഷം നേരെ തീയേറ്ററിലേയ്ക്ക് പോയി. സിനിമ കണ്ട് തിരിച്ചിറങ്ങി. സമയം വൈകി. തിരിച്ചുള്ള ട്രെയിൻ രാത്രി 12 മണിക്കാണ്. പിന്നീട് ഞങ്ങൾ ഒരു ടീച്ചറുടെ വീട്ടിലേക്ക പോയി. അവിടെ നിന്ന് ഭക്ഷണം കഴിച്ചു സമയമായപ്പോൾ റെയിൽവെ സ്റ്റേഷനിൽ പോയി. ട്രയിനിൽ കയറി. ആദ്യമായിട്ടാണ് ട്രെയിനിൽ കിടന്ന് സഞ്ചരിക്കുന്നത്. അങ്ങനെ രാവിലെ കോഴിക്കോടെത്തി ചേർന്നു.ഫ്രഷ് ആയി ഫുഡ് കഴിച്ച് നേരെ ബസ്സ്റ്റാൻഡിലേക്ക് പോയി സുൽത്തത്താൻ ബത്തേരിക്കുള്ള ബസിൽ കയറി. അത്രയു നേരം ഞങ്ങൾക്ക് ചൂടാണ് അനുഭവപ്പെട്ടത്. എന്നാൽ ചുരം കയറിയപ്പോൾ വല്ലാത്ത ഒരു നു ഭൂതിയായിരുന്നു ലഭിച്ചത്. ഉച്ചയോട് കൂടി ബത്തേരിയിൽ തിരിച്ചെത്തി. അപ്പോഴേയ്ക്കും കുറച്ച്പേർക്ക് കൂടി കണ്ണിന് സുഖം പടർന്നിട്ടുണ്ടായിരുന്നു. അങ്ങനെ രണ്ട് ദിവസം സ്കൂളിൽ പോയില്ല. ഭാഗ്യവശാൽ എനിക്ക് അസുഖം വന്നില്ല. അങ്ങനെ ആ യാത്ര മംഗളകരമായി പൂർത്തിയായി വ്യത്യസ്തമായ അനുഭവങ്ങൾ സമ്മാനിച്ച ആ യാത്ര ഒരിക്കലും മറക്കാൻ കഴിയില്ല.



കവിത
തീർത്ഥ . സി. എസ് (7 A) )

# ഇല പൊഴിയും കാലത്തെ മരങ്ങൾ

ഇലകൾ കൊഴിയുമ്പോൾ
മരം ഏകാന്തതയുടെ രുചി
അറിഞ്ഞു തുടങ്ങും.
ചില്ലകളില്ലാത്ത എന്തോ ഒന്ന്
ഇലകൾക്കുണ്ടായിരുന്നല്ലോ എന്ന്
മരം വ്യസനത്തോടെ ഓർക്കും.
ഇലകൾക്കില്ലാത്ത ചില്ലയിൽ
പക്ഷികൾ വരാത്തതെന്തെന്ന്
ആശ്ചര്യപ്പെടും.
രാത്രിയിൽ ഇലകളിൽ കാറ്റുരുമ്മുന്ന
സംഗീതമില്ലാത്തതുകൊമ്ട്
ഉറക്കം വരില്ല.
പുലർച്ചയിൽ ഇലകളുടെ
കുപ്പായമില്ലാത്തതുകൊണ്ട്
തണുത്ത് മരവിക്കും
ഒരു പാട്ട് കേൾക്കാതെ
ഒരു സ്പർശവുമറിയാതെ
മരണത്തിലേക്ക് ഒരുങ്ങുന്നത് പോലെ
വിഷണ്ണമായി തീരും.
ഉടലിൽ പടരുന്ന
ചെറിയ ചെറിയ വട്ടങ്ങൾ
മരത്തെ വല്ലാതെ പൊള്ളിക്കും
ഇലകൾ മുളയ്ക്കുന്നത് വരെയുള്ള
മരത്തിന്റെ കാത്തിരിപ്പുകാലമാവണം
ലോകത്തെ ഏറ്റവും ഏകാന്തമായ
ഗർഭകാലം.



കവിത
ആദിഷ് വി. ആർ (7B) )



# പൂച്ചക്കുട്ടി

പൂ...... പൂ........ പൂ...............പൂ... പൂച്ചക്കുട്ടി
കാ...കാ...കാ...കാ...കണ്ണും പൂട്ടി
പാ.....പാ..... പാലുകുടിച്ചു
ഡിം....ഡിം....ഡിം.... തട്ടിമറിച്ചു
ട്ടേ...ട്ടേ...ട്ടേ... തല്ലു കൊടുത്തു
മ്യാ.....മ്യാ.....മ്യാ..... ഓടിയൊളിച്ചു.

നിബിൻ ബാബു (6A)

# എന്റെ ഗ്രാമം

പ്രകൃതി സൗന്ദര്യം നിറഞ്ഞു നിൽക്കുന്ന ഗ്രാമമാണ് ഓടപ്പള്ളം എന്ന ഗ്രാമം. പ്രകൃതിയുടെ വരദാനമായി കാടിനോട് ചേർന്നാണ് എന്റെ ഗ്രാമം സ്ഥിതിചെയ്യുന്നത്. ഇടതിങ്ങി വളർന്നു നിൽക്കുന്ന ചെടികൾ.. ഊഞ്ഞാലാടാൻ പാകത്തിന് ചാഞ്ചാടി കളിക്കുന്ന വള്ളിപ്പടർപ്പുകൾ.. പാട്ട് കണ്ണു കുത്തി കളിക്കുന്ന പക്ഷി മൃഗാദികൾ.. പുഞ്ചിരിച്ചു നിൽക്കുന്ന കാട്ടുപൂക്കൾ തേൻ നുകരാൻ എത്തുന്ന പൂമ്പാറ്റകളും വണ്ടുകളും കളകളാരവം പൊഴിക്കുന്ന കാട്ടരുവികൾ.. സൂര്യനെ തടഞ്ഞു നിൽക്കുന്ന വൻമരങ്ങൾ.. ഇവയെല്ലാമാണ് എന്റെ ഗ്രാമത്തിന്റെ ഭംഗി കൂട്ടുന്നത്. പച്ചപ്പട്ടു പരവതാനി വിരിച്ചത് പോലുള്ള വയൽ നിരകൾ.. ഇവയുടെ നടുക്കായി സ്ഥിതി ചെയ്യുന്ന ഗ്രാമവിദ്യാലയമാണ് ജിഎച്ച്എസ് ഓടപ്പള്ളം എന്ന എന്റെ ഗ്രാമ വിദ്യാലയം!



വര  അർഷിത പി ആർ

Appreciation
Rishikesh Krishna

# THE HAPPINESS MACHINE



The story envision what it would resemble on the off change that we could make a machine at brad bury envision in this story. We have never given up. We frequently including myself envision that we will be more joyful and up beat with the new technological device,better vehicle, new shoes or a 100 inch TV but nothing last forever individual are not constantly happy; if happiness remains perpetually it would lose its significance. A few years back i began conversation the every single parent have dealt with in our era. "All of my friends have new iPhone or already has one . I am the only one in the school that does not have one". One of the essential ways we attempt to create happiness is through consumerism.

He asked his wife whether she was pleased and delightful to which she replied that she was not delighted to which because of all the domestic chores complained that he talked her the first time in twenty years that their supper bread turned into charcoal when I asked that could the machine make old young ,happy,could it get all thing done for the house the kitchen and the children? To which her husband replied that the machine was not made for these stuff. machine cannot buy happiness


Lena came out and said that, he felt that she was in paris, he made her dance on the dance floor , the machine showed her young the machine made sunset lasts forever the air fragrant and the temperature five which were all false in reality . To check the machine he sat down inside it and shut the door put as he began float with colours and music in great

relaxation, He heard someone screaming fire , papa the machine is on fire. The boys dragged him out when someone broke the door open. A muffled explosion was heard from behind the fire man strived to put the soaring flames out. Auffman's children felt proud of the giant flames coming out from their garage which became a visual treat for everyone after the unfortunate incident, Lena explained Leo that she would be there in the house Putting things back to normal. There was an absolute chaos by the commotion Leo made with the machine Leo Auffman left with grandfather and his children when all the fireman and people are gone. He strived his boot through the wet ashes and ruins and said the first real thing go learn in life is you are a fool you want to see the happiness machine? It got patented more than thousand years ago and still there,even through not good all the time. but it runs on and on and on.



# ഓടപ്പള്ളം പ്രദേശത്തെ കലയും കൈത്തൊഴിലും

(പ്രാദേശിക ചരിത്ര രചനയുടെ ഭാഗമായി
സ്കൂളിലെ കുട്ടികൾ തയ്യാറാക്കിയത്)




## ആമുഖം

ഡക്കാൻ പീഠഭൂമിയെയും ഉത്തര കേരളത്തിന്റെ സമതലപ്രദേശങ്ങളെയും പരസ്പരം യോജിപ്പിക്കുന്ന പ്രകൃതി രമണീയമായ ഒരു ഭൂപ്രദേശമാണ് വയനാട്. ചരിത്രാതീത കാലം മുതലുള്ള മാനവ സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ എടയ്ക്കൽ പോലുള്ള ഗുഹകളിൽ കണ്ടെത്തുവാൻ കഴിയും. കേരളം കാണാനെത്തുന്ന ടൂറിസ്റ്റുകളുടെ പറുദീസയെന്നു പറയാവുന്ന വയനാട്ടിൽ ഏതാണ്ട് എല്ലാ വിഭാഗങ്ങളിലും പെട്ട ആദിവാസി സമൂഹങ്ങൾ ജീവിക്കുന്നു. വയനാടിന്റെ സംസ്കാരവും പൈതൃകവും ഗോത്ര സംസ്കാരവുമായി അത്യന്തം ബന്ധപ്പെട്ടു കിടക്കുന്നു. വനാതിർത്തികളിൽ പ്രകൃതിയോടിണങ്ങി, അതിന്റെ താളാത്മകതയിൽ നിന്നും വ്യതിചലിക്കാതെ ജീവിതം നിലനിർത്തിപ്പോന്ന ഒരു ജന വിഭാഗമാണ് ഓടപ്പള്ളം നിവാസികൾ . ആധുനിക കാലത്തിന്റെ കുത്തൊഴുക്കിൽ അന്യമായി തീർന്ന ആചാരാനുഷ്ഠാനങ്ങളും നാടൻ കലകളും കൈതൊഴിലുകളും നമുക്കിവിടെ കാണാൻ കഴിയും.

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയും നൂൽപ്പുഴ പഞ്ചായത്തും ചേർന്നു നിൽക്കുന്ന വനത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന അതി മനോരമായ ഒരു ഗ്രാമമാണ് ഓടപ്പള്ളം. നാനാവിധത്തിലുള്ള മൃഗങ്ങളും സസ്യലതാദികളും നിറഞ്ഞ വനങ്ങളാണ് ഇവിടെയുള്ളത്. പണിയ, നായ്ക്ക, കാട്ടുനായ്ക്ക, കുറുമ തുടങ്ങിയ ഗോത്രവിഭാഗങ്ങളും കുടിയേറ്റ ജനതയും ഇവിടെ താമസിക്കുന്നുണ്ട്.

ഒരു കാർഷിക ഗ്രാമമാണ് ഓടപ്പള്ളം. കർഷകരുടെ കടുത്ത വെല്ലുവിളി വന്യമൃഗങ്ങളാണ്. വന്യമൃഗത്തോട് മല്ലിട്ട് അതിജീവിച്ച ഒരു കാർഷിക സംസ്കാരമാണ് ഓടപ്പള്ളം ഗ്രാമത്തിന്റേത്. ധാരാളം വനവിഭവങ്ങളും ഇവിടെ ലഭ്യമായിരുന്നു. പലതരം കൈതൊഴിലുകളും ഈ ഗ്രാമത്തിൽ നിലനിന്നിരുന്നു.

ഓടപ്പള്ളം ഗ്രാമത്തിൽ ധാരാളം ആദിവാസി ജനവിഭാഗങ്ങൾ നിലനിൽക്കുന്നു. ഓരോ ഗോത്രവിഭാഗത്തിനും തനതായ സംസ്കാരങ്ങളും ആചാരാനുഷ്ഠാനങ്ങളും നിലനിന്നിരുന്നു. ഇന്ന് അന്യംനിന്നു പോകുന്ന പല കലകളും ആചാരങ്ങളുടെ ഭാഗമായി നിലനിന്നിരുന്നു. ആദിവാസി ജനവിഭാഗങ്ങൾക്കിടയിലെ ആചാരാനുഷ്ഠാനങ്ങളും ലിപിയില്ലാത്തതും എഴുതപ്പെട്ടിട്ടില്ലാത്തതുമായ നാടൻ പാട്ടുകളും കലകളും നൃത്തവും തുടങ്ങി ഒരു സംസ്കാരം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന അവസ്ഥാ വിശേഷമാണ് ഇന്നുള്ളത്.



## സ്ഥലനാമ ചരിത്രം

പണ്ട് കാലം മുതൽ തന്നെ ഓടപ്പള്ളം ഗ്രാമങ്ങൾക്ക് ബത്തേരിയുമായി വാണിജ്യ ബന്ധം ഉണ്ടായിരുന്നു. ബത്തേരിയിൽ നിന്ന് വരുന്ന റോഡിനെ മുറിച്ച് കടന്ന് വള്ളുവാടി പ്രദേശത്തിനപ്പുറം ഒരു പുഴ കിഴക്ക് ഭാഗത്തേയ്ക്ക് ഒഴുകുന്നു. ഈ പുഴയുടെ അപ്പുറമാണ് ഓടപ്പള്ളം. ഈ പുഴയ്ക്ക് കുറുകെ ഓടകൾ കൊണ്ട് ഒരു പാലം നിർമ്മിച്ചു. അങ്ങനെ ഓടകൊണ്ട് പാലം നിർമ്മിച്ച ഈ പ്രദേശം ഓടപ്പള്ളം എന്ന് അറിയപ്പെടാൻ തുടങ്ങി. കൂടാതെ ഈ പ്രദേശം ഓടകൾ നിറഞ്ഞ പ്രദേശമാണ്. ഇന്നും ഓടകൾ ഇവിടെ കാണാൻ കഴിയുന്നു. ഇങ്ങനെയാണ് ഈ ഗ്രാമത്തിന് ഓടപ്പള്ളം എന്ന പേര് വന്നത്.

ആദ്യകാലത്ത് ഓടപ്പള്ളം സ്കൂൾ നിലനിൽക്കുന്ന പ്രദേശം പുതു വീട് എന്നാണ് അറിയപ്പെട്ടിരുന്നത്. ഇവിടുത്തെ ചെട്ടി സ മുദായക്കാരുടെ വീട്ടുപേരാണ് പുതുവീട് . ഈ പ്ര ദേശം മുഴുവൻ ഇവരുടെ അധീനതയിലായിരുന്നു. അങ്ങനെയാണ് ഈ പ്രദേശം പുതുവീട് എന്ന് അറിയപ്പെടുന്നത്. ഇന്നത്തെ ഓടപ്പള്ളം സ്കൂൾ സ്ഥാപിച്ചതിന് ശേഷം ഈ പുതുവീട് പ്രദേശവും ഓടപ്പള്ളം എന്നറിയപ്പെടാൻ തുടങ്ങി.

## ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

ഓടപ്പള്ളം വനത്താൽ ചുറ്റപ്പെട്ട ഒരു ഗ്രാമമാണ്. കിഴക്ക് ഭാഗം വനപ്രദേശമാണ്. കൊല്ലികൾ ഉണ്ട് മഴക്കാലത്ത് ഈ കൊല്ലികളിൽ നിന്ന് നീരൊഴുക്ക് പടിഞ്ഞാറ് ഭാഗത്തേയ്ക്ക് ഒഴുകാറുണ്ട് കൂടാതെ കിഴക്ക് ഭാഗത്ത് വനത്തിനുള്ളിൽ ഒരു പുഴയും ഒഴുകുന്നുണ്ട്. കിഴക്ക് ഭാഗത്ത് ചതുപ്പ് നിലങ്ങൾ ഉണ്ട് .

ഇവിടെയുള്ള വലിയ ഒരു ചതുപ്പ് നിലത്തെ കുന്ദ്രം കൊല്ലി എന്നാണ് അറിയപ്പെടുന്നത്. വടക്ക് ഭാഗത്ത് വലിയ ചതുപ്പ് നിലവും കുളവും ഉണ്ട് ചെറിയ കൈതോടുകളും ഇവിടെ ഉണ്ട് . വടക്ക് ഭാഗങ്ങളും വനപ്രദേശങ്ങളാണ്.

പടിഞ്ഞാറ് ഭാഗം ചരിഞ്ഞ ഭൂപ്രദേശമാണ് ഇവിടം വിശാലമായ വയലുകളാണ്. പഴയ കാലത്ത് ഉണ്ടായ സ്വാഭാവിക കുളങ്ങൾ ഇവിടെയുണ്ട്. ഇന്ന് മനുഷ്യ നിർമ്മിത കുളങ്ങളും ഇവിടെ കാണാനാകും ജലസേചത്തിനും കൃഷിയാവിശ്യത്തിനും ഇവ ഉപയോഗിച്ച് വരുന്നു. ഈ ഭാഗത്ത് വനത്തിനോട് ചേർന്ന് വനത്തിൽ നിന്ന് വെള്ളം ഒഴുകി എത്തുന്ന മൺതിട്ടകൾ കൊണ്ട് നിർമ്മിച്ച വലിയ ഒരു ജലസംഭരണിയും ഉണ്ട്.



തെക്കുഭാഗം പൂർണ്ണമായും കരഭൂമിയാണ്. ഇവിടെ ചതുപ്പ് ,കൊല്ലി അരുവി എന്നിവ കാണപ്പെടുന്നില്ല. എന്നാൽ പഴക്കാലത്തെ കുളങ്ങൾ തെക്കുഭാഗത്തെ താഴ്ന്ന പ്രദേശങ്ങളിൽ കാണാൻ കഴിയും ഇന്ന് ഇവ ഉപയോഗശൂന്യമാണ്.

ഓടപള്ളം ഗ്രാമത്തിന്റെ മൂന്ന് ഭാഗങ്ങൾ പടിഞ്ഞാറ്, കിഴക്ക്, വടക്ക് എന്നിവ വനപ്രദേശമാണ് ആയതിനാൽ ഇവിടെ ചതുപ്പ് നിലങ്ങൾ ധാരാളം ഉണ്ട് . ചെറുതും വലുതുമായ കൊല്ലികളും ഈ ഭാഗങ്ങളിൽ ഇന്നും നിലനിൽക്കുന്നു.

ജനങ്ങളും ജീവിതവും

ഭൂമിശാസ്ത്രപരമായി ധാരാളം പ്രത്യേകകൾ നിറഞ്ഞ ഒരു ജില്ലയാണ് വയനാട്. വയനാട് ജില്ലയിൽ കർണ്ണാടക അതിർത്തിയോട് ചേർന്ന വനാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഗ്രാമമാണ് ഓടപ്പള്ളം. ഇവിടെ അധിവസിക്കുന്നവർ ഏറെയും ആദ്യ വാസി ഗോത്ര ജനതയാണ്. കാട്ടുനായ്ക്ക,പണിയ, കുറുമ എന്നീ ഗോത്ര വിഭാഗങ്ങൾ ഇവിടെ ധാരാളമായി കാണപെടുന്നു. കൂടാതെ കുടിയേറ്റ ജനവിഭാഗങ്ങളും ഇവിടെയുണ്ട്.

ഗോത്ര ജനവിഭാഗങ്ങൾക്ക് തനതായ ആചാരാനുഷ്ഠാനങ്ങളും സവിശേഷമായ ജീവിത സംസ്കാരവും ഉണ്ട്. ഓരോ ഗോത്രവിഭാഗങ്ങളുടെയും ആചാരാനുഷ്ഠാനങ്ങൾ വിത്യസ്തമാണ്. നൃത്തവും പാട്ടും സംഗീത ഉപകരണങ്ങളും ഇവർക്കിടയിലുണ്ട്. ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി നിലനിൽക്കുന്നവയാണ് പല കലാരൂപങ്ങളും.

ഗോത്ര ജനവിഭാഗങ്ങൾ വനത്തെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. നായാട്ട്, മീൻപിടുത്തം, കായ്കനികൾ, തേൻ, വനവിഭവങ്ങൾ ശേഖരിക്കൽ, കൃഷി എന്നീ തൊഴിലുകളിൽ ഇവർ ഏർപ്പെട്ടിരുന്നു.

കുടിയേറ്റ ജനതയുടെ വരവിന് മുമ്പ് ഗോത്ര ജനതക്ക് സ്വന്തമായി ഭൂമി ഉണ്ടായിരുന്നില്ല. കാട് വെട്ടി തെളിച്ച് പുനം കൃഷിയായിരുന്നുഇവർ ചെയ്തിരുന്നത്. വന സംരക്ഷണ നിയമങ്ങളും കുടിയേറ്റ ജനതയുടെ വരവും ഗോത്ര ജനവിഭാഗത്തിന്റെ ജീവിതത്തിലും മാറ്റങ്ങൾ ഉണ്ടാവാൻ കാരണമായി. ഇവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇന്ന് നാമമാത്രമായി ആധുനിക സമൂഹത്തിന്റെ ജീവിത രീതികളോട് ഇണങ്ങി ജീവിക്കുന്ന ജനവിഭാഗമായി ഗോത്ര ജനത മാറി.

ഓടപ്പള്ളം ഗ്രാമത്തിലെ വയനാടൻ ചെട്ടിവിഭാഗത്തിന്റെ മുഖ്യ തൊഴിൽ

കൃഷിയാണ്. ധാരാളം ഭൂപ്രദേശങ്ങൾ കൈവശം വച്ച് ഇവർ കൃഷി ചെയ്തിരുന്നു. നെല്ല് കാപ്പി കുരുമുളക് എന്നിവ ധാരാളമായി ഇവിടെ ചെയ്തിരുന്നു. കാപ്പി കൃഷിയോടൊപ്പം ഒറും കൃഷി ചെയ്തിരുന്നു. കാപ്പി, കുരുമുളക്, ഓറഞ്ച് എന്നിവ കയറ്റുമതി ചെയ്തിരുന്നു. കാലാവസ്ഥ വ്യതിയാനം ഓറഞ്ച് , കുരുമുളക് എന്നിവയെ ബാധിച്ചു. വന പ്രദേശമായതിനാൽ വന്യമൃഗങ്ങളോട് മല്ലിട്ടാണ് ഓടപ്പള്ളം ഗ്രാമത്തിന്റെ കാർഷിക മേഖല നിലനിന്നിരുന്നത്.

ഓടപ്പള്ളം ഗ്രാമത്തിൽ പരമ്പരാഗത കൈ തൊഴിലുകളും നില നിന്നിരുന്നു. കുശവ സമുദായക്കാർ മൺപാത്രം ഉണ്ടാക്കി ഗ്രാമങ്ങളിൽ തന്നെ വിറ്റിരുന്നു. ഗ്രാമങ്ങളിലെ കാർഷിക ഉപകരണങ്ങളും, മരപണിയുടെ ഉപകരണങ്ങളും, ഇരുമ്പുപകരണങ്ങളും നിർമ്മിച്ചിരുന്നത് കൊല്ലൻചാലക ശക്തികൾ

## കലകൾ

വയനാട് ജില്ലയിലെ ആദിവാസി വിഭാഗത്തിൽ പെടുന്ന കാട്ടുനായ്ക്ക വിഭാഗങ്ങൾ അവരുടെ പരമ്പരാഗത ജീവിത രീതിയിൽ നിന്ന് അധികം വ്യതിചലിക്കാതെയാണ് ഇപ്പോഴും ജീവിച്ച് പോരുന്നത്. ഇവരുടെ നാടൻ പാട്ടുകൾ ഇപ്പോൾ നശിച്ചു പോയ അവസ്ഥ വിലാണ്. വാമൊഴിയിലൂടെ മാത്രം ഉപയോഗിച്ചു പോരുന്ന ഇവരുടെ പാട്ടുകൾ പുതുതലമുറകളിലേക്ക് എത്തിച്ചേർന്നിട്ടില്ല. ഇവരുടെ നിത്യജീവിതത്തിൽ പാട്ടുകൾ വളരെയധികം സ്വാധീനം ചെലുത്തുന്നു. ഈ വിഭാഗത്തിന്റെ ഭാഷ കന്നട ഭാഷയോട് സാമ്യമുള്ളതാണ് അതുകൊണ്ട് ഈ പാട്ടുകളിൽ കന്നട ഭാഷയുടെ സാന്നിദ്ധ്യം വളരെയധികം കാണാൻ കഴിയും ആദിവാസി വിഭാഗങ്ങളുടെ പാട്ടുകൾ ഒന്നും ഒരു പ്രത്യേക സമൂഹത്തിന് വേണ്ടി രൂപപ്പെടുത്തിയതല്ല. പ്രകൃതിയുമായിഇണങ്ങിയ ജീവിതത്തിനിടയിൽ സ്വന്തം സന്തോഷത്തിനും ആഘോഷത്തിനും വേണ്ടി സംജാതമായ പാട്ടുകൾ ആണ് ഇവരുടെ പാട്ടുകൾ . അവരുടെ ജീവിതചര്യകളും ചെറുകഥകളും അടങ്ങിയ ലളിതമായ പാട്ടുകളാണ് കൂടാതെ പൂക്കളെ കുറിച്ചുള്ള വർണ്ണനകളും പാട്ടുകളിൽ കാണാൻ കഴിയും. ഇവർ പ്രധാനമായും പാട്ടുകൾ പാടി അവതരിപ്പിക്കുന്നത് ഇവരുടെ ഉത്സവവേളകളിലാണ്.

കാട്ടുനായ്ക്ക വിഭാഗത്തിൽ വീടിനോട് ചേർന്ന് അമ്പലങ്ങൾ ഉണ്ട് ഇവിടെ എല്ലാവർഷവും ഏപ്രിൽ മാസങ്ങളിൽ ദൈവത്തെ കാണൽ എന്ന ചടങ്ങ് നടന്നു വരുന്നു. രണ്ട് ദിവസം നീണ്ട് നിൽക്കുന്ന ഉത്സവങ്ങളായിട്ടാണ് ഇവ കൊണ്ടാടുന്നത്. പുരുഷന്മാരും സ്ത്രീകളും വട്ടത്തിൽ നിന്ന് ചിലങ്ക കെട്ടി ചെണ്ടയുടെയും കുഴലിന്റെയും വാമൊഴി പാട്ടിന്റെയും താളത്തിൽ ചുവട് വയ്ക്കുന്നു. കൂടാതെ രണ്ട്, മൂന്ന് പേർ ചുവന്ന പട്ട് ചുറ്റി, തലയിൽ പട്ട് കെട്ടി കയ്യിൽ മണിയുമായി ഈ പാട്ടിന്റെയും ചെണ്ടയുടെയും താളത്തിൽ ദൈവം ശരീരത്തിൽ ആവാഹിച്ചവരായി എത്തുന്നു. വഴിപാടുകളും ദൈവത്തിനോട് സംസാരിക്കലും എല്ലാം ഈ സമയങ്ങളിൽ നടക്കുന്നു.

കല്യാണങ്ങൾക്കും നൃത്തവും പാട്ടുകളും അവതരിപ്പിക്കാറുണ്ട്. പ്രധാനമായും നൃത്തത്തിനും പാട്ടിനും ഇവർ ഉപയോഗിച്ചിട്ടുള്ള ഉപകരണങ്ങൾ ചെണ്ടയും കുഴമാണ്. ആൺ പെൺ വിത്യാസമില്ലാതെ ഇവർ നൃത്തത്തിലും പാട്ടുകളിലും പങ്കെടുത്തിരുന്നു. ചിലങ്ക കെട്ടിയായിരുന്നു നൃത്തം ചെയ്തിരുന്നത്. ഇവരുടെ പുതു തലമുറകളിൽ അവരുടെ ആചാരാനുഷ്ഠാനങ്ങളും നാടൻ പാട്ടുകളും നൃത്തവും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന അവസ്ഥാവിശേഷമാണ് ഇന്നുള്ളത്.

ഓടപ്പള്ളത്തിലെ പ്രധാന ആദിവാസി വിഭാഗങ്ങളിൽ ഒന്നാണ് പണിയർ .

ഇവരുടെ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായും നാടൻ പാട്ടുകളും നൃത്തങ്ങളും നിലനിന്നിരുന്നു. കണ്ടയുടെ സാമ്യം ഇവരുടെ കലകളിലും പ്രകടമാണ്.
പണിയരുടെ പ്രധാന ആഘോഷങ്ങളിൽ ഒന്നാണ് ദൈവം കാണൽ. ഇവരുടെ കാവുകളിലാണ് ഈ ചടങ്ങ് നടന്നിരുന്നത്. തുടികൊട്ടിപ്പാട്ട് എല്ലാ ആഘോഷങ്ങളിലും അവതരിപ്പിക്കാറുണ്ട് . പുരുഷന്മാരാണ് തുടികൊട്ടുന്നത്. കുഴലും ഇവരുടെ സംഗീത ഉപകരണമാണ്. പുരുഷന്മാർ വട്ടത്തിൽ നിന്ന് രണ്ടോ മൂന്നോ പേർ തുടികൊട്ടും ബാക്കിയുള്ളവർ തുടിയുടെ താളത്തിൽ പാദചലനങ്ങളിൽ വട്ടത്തിൽ കറങ്ങി നൃത്തം ചെയ്യുന്നു. സ്ത്രീകളും ഈ നൃത്തം ചെയ്യാറുണ്ട്. കല്യാണങ്ങൾക്കും നൃത്തവും വായ്മൊഴി പാട്ടുകളും അവതരിപ്പിക്കാറുണ്ട്. കൂടാതെ കമ്പള നാട്ടി പാട്ടുകളും ഈ സമുദായങ്ങൾക്കിടയിൽ കാണാം. ഇത്തരം വായ്മൊഴിയിലൂടെ മാത്രം ഉപയോഗിച്ച് വരുന്ന പാട്ടുകളിൽ ഇവരുടെ ജീവിത രീതികളും പ്രകൃതിവിഭവങ്ങളും പരമാർശിക്കുന്നുണ്ട്.
ഓടപ്പള്ളം ഗ്രാമത്തിൽ കണ്ടെത്താൻ കഴിയുന്ന മറ്റൊരു ആദിവാസി വിഭാഗമാണ് കുറുമ സമുദായക്കാർ ഇവരുടെ ആഘോഷ വേളകളിൽ, കല്യാണങ്ങളിൽ കോൽക്കളിയും വട്ടക്കളിയും അവതരിപ്പിക്കാറുണ്ട്. പുരുഷന്മാരാണ് ഇത് അവതരിപ്പിക്കാറുള്ളത്. ചെറിയ കോലുകൾ ഉപയോഗിച്ച് നാടൻപാട്ടിന്റെ താളത്തിൽ വട്ടത്തിൽ നിന്ന് പരസ്പരം കൊട്ടുന്നതാണ് കോൽക്കളി. ഇതുപോലെ തന്നെ വട്ടത്തിൽ നിന്ന് വായ്പ്പാട്ടിന്റെ താളത്തിൽ ചുവടുകൾ വയ്ക്കുന്നതാണ് വട്ടക്കളി. കുറുമ വിഭാഗക്കാരുടെ പാട്ടുകൾ അധികവും രാമായണം, മഹാഭാരതം എന്നീ കഥകളെ ആസ്പദമാക്കിയിട്ടുള്ളതാണ്. ഇതിഹാസ കഥകളെ വളരെ ലളിതമായും രസകരമായും ചിന്തിപ്പിക്കുന്നരീതിയിലും അവർ വായ്പ്പാട്ടുകളാക്കി മാറ്റി വട്ടക്കളി, കോൽക്കളി എന്നീ കളികളിലൂടെ പാടിപ്പോരുന്നു. ഇതിലെ പല കഥകളും പാട്ടുകളും ഇന്നും താളിയോലകളിൽ കാണാൻ കഴിയുന്നുണ്ട്. എങ്കിലും ഭൂരിഭാഗം അക്ഷരാഭ്യാസമില്ലാത്ത കുറുമ സമുദായ അംഗങ്ങൾക്കും ആ പാട്ട് പകർന്നു വന്നിട്ടുള്ളത് കേട്ടറിവിലൂടെയാണ്. ഇപ്പോൾ ഈ പാട്ടുകൾ പുതുതലമുറ മറന്നു പോയിരിക്കുന്നു.

## കൈത്തൊഴിലുകൾ

### ആശാരി പണി

ഓടപ്പളം പ്രദേശങ്ങളിൽ കാണപ്പെടുന്ന മറ്റൊരു കൈ തൊഴിൽ ആണ് ആശാരി പണി. വളരെ കുറഞ്ഞ കുടുംബങ്ങൾ മാത്രമാണ് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. വിശ്വകർമ്മ വിഭാഗത്തിൽപെട്ടവരാണ് ആദ്യകാലത്ത് ആശാരി പണി ചെയ്തിരുന്നത്. കൂടുതലും വീടുകളിൽ പോയി പണിതു നൽകുകയാണ് ചെയ്യുന്നത്. സ്വന്തം ഗ്രാമത്തിൽ തൊഴിൽ കുറയുന്ന അവസരത്തിൽ വിദൂര ദേശങ്ങളിൽ സഞ്ചരിച്ച് തൊഴിൽ ചെയ്തിരുന്നു. വിദൂരസ്ഥലങ്ങളിൽ ഒന്നോ രണ്ടോ മാസങ്ങൾ താമസിച്ച് പണി ചെയ്യാറുണ്ടായിരുന്നു. അയൽ സംസ്ഥാനമായ കർണ്ണാടകയിലും തൊഴിൽ ചെയ്ത് വന്നിരുന്നു. ആദ്യകാലങ്ങളിൽ വീടുകളിൽ പോയി മാത്രമാണ് പണി ചെയ്തിരുന്നത്. ഇന്ന് ഈ കുടുംബങ്ങൾ ഓർഡർ അനുസരിച്ച് കടകളിലേയ്ക്കും ഫർണിച്ചറുകൾ പണിത് നൽകാറുണ്ട്.
ആദ്യകാലങ്ങളിൽ മരപണിയ്ക്ക് ഉപയോഗിച്ചിരുന്ന ആയുധങ്ങൾ വീട്ടുളി, എടക്കൻ ഉളി, പൂഴ് ഉളി, ചിൻ തേര്, കൊട്ടുവടി , മുഴക്കോല്, കൈ വാൾ, സ്ക്രൂ ഡ്രൈവർ, കൊത്തുളി, ഓത്തർ എന്നിവയെല്ലാമായിരുന്നു. ഇവയെല്ലാം ആവശ്യാനുസരണം ഗ്രാമത്തിലെ കൊല്ലന്മാരാണ് നിർമ്മിച്ച് നൽകിയിരുന്നത്. വൈദ്യുതിയുടെ

വരവോടെ വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. പഴയ ഉപകരണങ്ങൾക്ക് പകരം ഇന്ന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ ചിൻ തേര് - ഗ്രൈന്റർ, കൊട്ടുവടി - ആമർ , മുഴക്കോല് - മീറ്റർ, കൈ വാൾ - കട്ടർ, ഓത്തർ - ട്രിൽ എന്നിവയാണ്. ഇത് വളരെ വേഗത്തിൽ ചെയ്യാനും അധ്വാന ഭാരം കുറയ്ക്കാനും സഹായകമായി. എന്നിരുന്നാലും മരത്തിലെ കൊത്തുപണികൾ ഏറ്റവും ഭംഗിയായി ചെയ്യാൻ കഴിയുന്നത് വൈദ്യുതോപകരണങ്ങളുടെ സഹായമില്ലാതെ ചെറിയ ആയുധങ്ങളുപയോഗിച്ചാണ് എന്ന് ഇന്നത്തെ തലമുറയിൽപെട്ടവർ പറയുന്നു. സ്വന്തമായി ഉപകരണങ്ങൾ ഉപയോഗിച്ച്. വീട്ടിൽ തന്നെ മരം കടഞ്ഞെടുക്കുന്ന രീതിയും ആദ്യകാലത്ത് ഉണ്ടായിരുന്നു എന്നും ഇന്നത്തെ തലമുറ ഓർക്കുന്നു. ഇതിന് വേണ്ടി ലെയ്ത്ത് മെഷീൻ എന്ന ഉപകരണമാണ് ഉപയോഗിച്ചിരുന്നത്. ഈ മെഷീന്റെ ഉള്ളിലേക്ക് ഉളി വെച്ച് കൊടുക്കുന്നു. അതിനു ശേഷം മെഷീൻ പ്രവർത്തിപ്പിക്കുന്നു. ഇങ്ങനെയായിരുന്നു ആദ്യകാലത്ത് മരം കടഞ്ഞെടുത്തിരുന്നത്.

വിശ്വകർമ്മ കുടുംബത്തിലെ ആൺകുട്ടികൾ ആറ്, ഏഴ് വയസ്സാകുമ്പോൾ തന്നെ തൊഴിൽ പഠിച്ച് തുടങ്ങുന്നു. തൊഴിൽ ഇടങ്ങളിലേക്ക് കുട്ടികളെ കൊണ്ടുപോകാറുണ്ട്. പുരുഷന്മാരാണ് ഈ തൊഴിൽ ചെയ്യുന്നത്. പുറമെ നിന്നും ആശാരി പണി പഠിക്കാൻ കുട്ടികൾ എത്തിയിരുന്നു. ദക്ഷിണ നൽകി ഗുരുവായി സ്വീകരിച്ച് പണി പഠിക്കുന്നു. ആദ്യകാലത്ത് വിശ്വകർമ്മ വിഭാഗക്കാർ മാത്രമാണ് ഈ തൊഴിൽ പഠിക്കാൻ എത്തിയിരുന്നത് എന്ന് ഇന്നത്തെ തലമുറ ഓർക്കുന്നു. എന്നാൽ ഇന്ന് ജാതി മത വ്യത്യാസമില്ലാതെ ആളുകൾ ഈതൊഴിൽ പഠിക്കാൻ വരുന്നുണ്ട്. കണക്കുകളും അളവുകയും കൃത്യമായി ചെയ്യേണ്ടുന്നതിനാൽ പൊതുവെ ഈതൊഴിൽ പഠിക്കാൻ വളരെ പ്രയാസമാണ് എന്നാണ് ഈ കുടുംബത്തിലെ യുവതലമുറയുടെ അഭിപ്രായം. ഏതാണ്ട് 10 വർഷക്കാലം പഠിച്ചാൽ മാത്രമേ ഈ തൊഴിൽ നല്ല രീതിയിൽ പഠിക്കാൻ കഴിയുകയുള്ളൂ എന്നാണ് ഇവർ പറയുന്നത്.

വിശ്വകർമ്മ വിഭാഗത്തിൽ നിലനിന്നിരുന്ന മറ്റൊരു കലയാണ് വാസ്തുവിദ്യ . ഇത് ഇവരുടെ കുടുംബത്തിലെ ഒരു വ്യക്തിക്ക് മാത്രമേ പഠിപ്പിക്കാറുള്ളൂ. ഒരു സമയം ഒരു കുടുംബത്തിൽ ഒരു വ്യക്തി മാത്രമേ ഈ തൊഴിൽ ചെയ്യാറുള്ളൂ. ആ വ്യക്തിയുടെ മരണശേഷം മാത്രമേ ആ കുടുംബത്തിലെ മറ്റൊരു വ്യക്തി വാസ്തുവിദ്യ നോക്കാറുള്ളൂ. ഓടപ്പള്ളം ഗ്രാമത്തിൽ മൂന്ന് കുടുംബങ്ങൾ മാത്രമാണ് ഇന്ന് ആശാരി പണി ചെയ്യുന്നത്. ഇതിൽ തന്നെ ഒരു കുടുംബത്തിലെ വ്യക്തി മാത്രമാണ് വാസ്തുവിദ്യ നോക്കാറുള്ളത്. ഇദ്ദേഹം 15 വർഷം മുമ്പ് വിദേശത്ത് (ദുബായ് ) തൊഴിൽ ചെയ്തിരുന്നു. അവിടെ ഉപയോഗിക്കുന്ന ഉപകരണങ്ങൾ വളരെ വ്യത്യസ്തമാണ്. വിദേശ രാജ്യങ്ങളിൽ എല്ലാം തന്നെ യന്ത്രങ്ങളുടെ സഹായത്താലാണ് ചെയ്യുന്നത്. സ്വന്തംഗ്രാമത്തിലെ തൊഴിലും വിദേശത്തെ തൊഴിലും വളരെ വ്യത്യസ്തമാണ് എന്നിദ്ദേഹം അഭിപ്രായപ്പെടുന്നു.

ആദ്യകാലത്ത് വിശ്വകർമ്മ വിഭാഗങ്ങളിൽ മാത്രം നിലനിന്നിരുന്ന ഈ തൊഴിൽ ഇന്ന് എല്ലാ വിഭാഗക്കാരും ചെയ്യുന്നുണ്ട്. മരത്തിന് പകരം ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കളുടെ ഉപയോഗവും തൊഴിൽ മേഖലയിലെ യന്ത്രത്തിന്റെ ഉപയോഗവും ഈ തൊഴിലിനെയും പ്രതിസന്ധിയിലാക്കുന്നു. അതുകൊണ്ട് തന്നെ വിശ്വകർമ്മ കുടുംബങ്ങളിൽ ഇന്ന് ഈ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. മറ്റു തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കുന്നവരാണ് ഭൂരിഭാഗവും എന്നിവർ സാക്ഷ്യപ്പെടുത്തുന്നു.

## പുൽ തൈലം

ഓടപ്പള്ളം പ്രദേശത്തെ ജനങ്ങളുടെ ഒരു പ്രധാന തൊഴിലായിരുന്നു പുൽ തൈല നിർമ്മാണം . 1955 - 1970 കാലഘട്ടങ്ങളിലായിരുന്നു ഈ തൊഴിൽ വ്യാപകമായി നിലനിന്നിരുന്നത്. ഇതിനാവശ്യമായ പുൽ തൈലം ഈ പ്രദേശങ്ങളിൽ തന്നെ നെൽകൃഷി ചെയ്യുന്നത് പോലെ വ്യാപകമായി കൃഷി ചെയ്തിരുന്നു. ഒരു പുൽചെടി 20 വർഷം വരെ നിലനിൽക്കുമായിരുന്നു. കുടിയേറ്റ ജനതയാണ് ഈ തൊഴിൽ ചെയ്തിരുന്നത്. പുല്ല് വെട്ടി കെട്ടുകളാക്കി വാറ്റു കേന്ദ്രങ്ങളിൽ എത്തിച്ചിരുന്നത് സ്ത്രീകൾ ആയിരുന്നു. വലിയ പാത്രങ്ങളിൽ തിളപ്പിച്ച് വാറ്റിയാണ് തൈലം ഉണ്ടാക്കിയിരുന്നത്. രാത്രിയും പകലും നീണ്ടു നിൽക്കുന്ന ഒരു പ്രവർത്തനമായിരുന്നു ഇത്. പുരുഷൻമാരാണ് വാറ്റൽ കേന്ദ്രങ്ങളിൽ തൊഴിൽ ചെയ്തിരുന്നത്. വീടുകൾ കേന്ദ്രീകരിച്ചായിരുന്നില്ല ഫാക്ടറികൾ പോലെയായിരുന്നു വാറ്റൽ കേന്ദ്രങ്ങൾ നിലനിന്നിരുന്നത്. ഇവ പ്രധാനമായും ഔഷധമായി യോഗിച്ചിരുന്നു. വയറുവേദനയ്ക്ക് വെള്ളത്തിൽ ചാലിച്ച് കഴിച്ചിരുന്നു. കൂടാതെ സുഗന്ധദ്രവ്യമായും ഇവ ഉപയോഗിച്ചിരുന്നു. ഇതിന്റെ വിപണന കേന്ദ്രം കോഴിക്കോട് ആയിരുന്നു. അവിടെ നിന്ന് വിദേശ രാജ്യങ്ങളിലേക്കും ഇവ കയറ്റുമതി ചെയ്തിരുന്നു. ഇതിൽ നിന്ന് ലഭിക്കുന്നവരുമാനം കുറഞ്ഞതും കുരുമുളകിന്റെ കൃഷിവൻ ലാഭമായി വന്നതും പുൽ തൈല കൃഷി കുരുമുളകിലേക്ക് വഴി മാറിയതുമെല്ലാം ഈ ഒരു തൊഴിൽ തന്നെ ഈ ഗ്രാമത്തിൽ നിന്ന് ഇല്ലാതാവാൻ കാരണമായി.

## മൺപാത്രനിർമ്മാണം

ഓടപ്പള്ളം ഗ്രാമത്തിലെ കുശവ സമുദായക്കാർ തലമുറകളായി തുടർന്ന് പോയി കൊണ്ടിരുന്ന ഒരു തൊഴിലാണ് മൺപാത്രനിർമ്മാണം. ശിലായുഗ കാലം മുതൽ തന്നെ മനുഷ്യൻ മൺപാത്രം ഉപയോഗിച്ചിരുന്നു. ചക്രത്തിന്റെ കണ്ടുപിടിത്തം മൺപാത്രനിർമ്മാണം എളുപ്പത്തിലും വേഗത്തിലുമാക്കി. മൺപാത്രങ്ങളോ അവയുടെ അവശിഷ്ടങ്ങളോ ഒരിക്കലും നശിച്ച് പോകാറില്ല.

കളിമണ്ണ് ഉണക്കിപ്പൊടിച്ച് മിനുസമുള്ള തരിയാക്കിയ ശേഷം വെള്ളം ഉപയോഗിച്ച് കുഴച്ച് പാകപ്പെടുത്തി എടുക്കുന്നു. തുടർന്ന് മണ്ണ് ചക്രത്തിന്റെ നടുവിൽ വെച്ചതിന് ശേഷം ചക്രം കറക്കി പാത്രത്തിന്റെ രൂപത്തിലേക്ക് മാറ്റുന്നു. ശേഷം ചക്രത്തിൽ നിന്ന് മാറ്റുന്നു. ഉണങ്ങിയതിനു ശേഷം ചൂളയ്ക്ക് വയ്ക്കുകയും ചെയ്യുന്നു.

ആദ്യകാലത്ത് വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് കളിമണ്ണ് ശേഖരിച്ചിരുന്നു. എന്നാൽ ഇന്ന് കളിമണ്ണ് കിട്ടാനില്ല. മേപ്പാടിയിൽ നിന്ന് വില കൊടുത്താണ് വാങ്ങുന്നത്.

പുരാതന കാലത്ത് മൺപാത്രങ്ങൾക്ക് ആവശ്യക്കാർ ഏറെയായിരുന്നു. സ്വന്തം ഗ്രാമങ്ങളിൽ തന്നെയായിരുന്നു ഇവ വിപണനം ചെയ്തിരുന്നത്. മൺപാത്രങ്ങൾ കുട്ടയിൽ നിറച്ച് തലയിൽ ചുമന്ന് കാൽനടയായി വീടുകൾ തോറും കയറിയിറങ്ങി വിൽപ്പന നടത്തിയിരുന്നു. കൂടാതെ ഉത്സവങ്ങൾ, ചന്തകൾ എന്നിവിടങ്ങളിലെല്ലാം കുട്ടയിൽ ചുവന്ന് വിപണനം നടത്തിയിരുന്നു. പണ്ട് കാലങ്ങളിൽ മൺപാത്രങ്ങൾക്ക് പകരമായി പണവും അരിയും മറ്റു സാധനങ്ങളും നൽകിയിരുന്നു. വിശേഷ ദിവസങ്ങൾ ആഘോഷങ്ങൾ എന്നീ സമയങ്ങളിൽ നല്ല വിൽപ്പന ലഭിച്ചിരുന്നു.

സ്ത്രീകളും പുരുഷന്മാരും ഒരുപോലെ അധ്വാനിച്ചിരുന്നു. കുടുംബത്തിലെ എല്ലാ അംഗങ്ങളും മൺപാത്രനിർമ്മാണത്തിൽ പങ്കാളികളായിരുന്നു. സ്റ്റീൽ, അലുമിനിയം പാത്രങ്ങളുടെ വരവ് മൺപാത്രങ്ങളുടെ ആവശ്യക്കാർ കുറയാൻ

കാരണമായി. കളിമണ്ണിന്റെ ലഭ്യത കുറവും വിൽപ്പന കുറഞ്ഞതും വരുമാനം കുറയാൻ കാരണമായി. ഈ സമുദായക്കാർ ഈ തൊഴിൽ ഉപേക്ഷിച്ച് മറ്റു പല തൊഴിലിലേക്കും തിരിഞ്ഞു. എന്നിരുന്നാലും കടയിൽ നിന്നുള്ള ഓർഡർ അനുസരിച്ചും ആവശ്യക്കാർക്കും വളരെ ചെറിയ രീതിയിൽ ഇന്നും ഓടപ്പള്ളം ഗ്രാമങ്ങളിൽ മൺപാത്രനിർമ്മാണം നടക്കുന്നു.

## മുള ഉൽപ്പന്നങ്ങൾ

ഓടപ്പള്ളം ഗ്രാമം വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്നതിനാൽ തന്നെ ധാരാളം മുളകൾ ഇവിടെ ലഭ്യമാണ്. കൂടാതെ ഓടകൾ നിറഞ്ഞ സ്ഥലമായതിനാലാണ് ഓടപ്പള്ളം എന്ന പേരുതന്നെ ഈ പ്രദേശത്തിന് ലഭിച്ചത്. ഇവിടെ കാട്ടുനായ്ക്ക വിഭാഗക്കാർ മുളകൾ ഉപയോഗിച്ച് ധാരാളം വസ്തുക്കൾ നിർമ്മിക്കുന്നുണ്ട്. ആദ്യ കാലങ്ങളിൽ മുളകൾ കൊണ്ടായിരുന്നു വീടുകൾ നിർമ്മിച്ചിരുന്നത്. മെടല വീട് എന്നാണ് ഇവ അറിയപ്പെട്ടിരുന്നത്. ഇവ അധികവും ഒരു മുറി മാത്രം വരുന്ന ചെറിയ കുടിലുകളായിരുന്നു. മണ്ണ് കൂട്ടിയിട്ട് അടിത്തറ കുറച്ച് ഉയർത്തുന്നു. ഇതിന് മുകളിൽ ഓടകൾ ചതച്ചെടുത്ത് കുത്തി നിർത്തി ഭിത്തികൾ നിർമ്മിക്കുന്നു. മുളകൾ ചെറുതായ് നീളത്തിൽ മുറിച്ച് മെടഞ്ഞ് ഭിത്തിയായി ഉറപ്പിച്ച് നിരത്തുന്നു. ശേഷം ഇതിൽ മണ്ണ് കുഴച്ച് മെഴുകി ഭിത്തിയാക്കുന്നു. തൂണുകൾക്കും മുളകൾ തന്നെയാണ് ഉപയോഗിക്കുന്നത്. ഇവയുടെ മേൽക്കൂര കച്ചി കൊണ്ടാണ് പുതയ്ക്കുന്നത്. ഇതിന്റെ പട്ടിക മുളകൾ കൊണ്ടാണ് നിർമ്മിക്കുന്നത്.


മുളകൾ കൊണ്ട് കൊട്ട, മുറം, അട്ട്, പൊടി പാറ്റി, പരമ്പ്, മീൻ കൊട്ട, മീൻ കോർത്ത , ചാട, തവി, ചട്ടുകം, ചിപ്പിലിക - ചോറ് ഊറ്റുന്ന സാധനം , ചാട, ആഘോഷങ്ങളിൽ ഉപ്പും മുളകും വിളമ്പുന്ന പാത്രം , ചോറ് കോരി എന്നിവയെല്ലാം മുളകൾ കൊണ്ട് ആദ്യ കാലത്ത് നിർമ്മിക്കുമായിരുന്നു. അന്ന് ധാരാളം ആവശ്യക്കാരും ഇതിന് ഉണ്ടായിരുന്നു. തലയിൽ ചുമന്ന് ഗ്രാമങ്ങളിലെ വീടുകളിൽ കൊണ്ടുപോയി വിൽപ്പന നടത്തിയിരുന്നു. അരി, നെല്ല്, തുടങ്ങിയ സാധനങ്ങൾ പണത്തിന് പകരം വാങ്ങി മുള ഉത്പന്നങ്ങൾ വിറ്റിരുന്നു. ഉത്സവങ്ങളിലും ഇവ വിറ്റുപോയിരുന്നു.

മുളകൾ കാട്ടിൽ നിന്നും മുറിച്ചെടുത്ത് . ഇവ വെട്ടി എടുക്കുന്നത് തന്നെ വളരെ ബുദ്ധിമുട്ടുള്ള പണിയാണ്. അതിനു ശേഷം പതിനഞ്ച് ദിവസം ഇവ വെള്ളത്തിൽ മുക്കി വയ്ക്കണം. ഇങ്ങനെ ചെയ്യുന്നത് മുളകൾ ചെറുതായ് നീളത്തിൽ വെട്ടി ചീകി എടുക്കാൻ വളരെ എളുപ്പമാണ്. വേണ്ട രീതിയിൽ ഇവയെ മുറിച്ചെടുക്കാൻ കഴിയും. അതിനു ശേഷം ആവശ്യാനുസരണം ഇവയെ മെടഞ്ഞ് എടുക്കുന്നു. മുളകൾ കാട്ടിൽ നിന്ന് മുറിച്ച് എടുക്കുന്നത് പുരുഷന്മാരാണ്. എന്നാൽ ഇവനെയ്ത്ത് എടുക്കുന്നതിൽ സ്ത്രീ പുരുഷ വിത്യാസം ഇല്ല. കുടുംബത്തിലെ എല്ലാവരും ഈ തൊഴിൽ ചെയ്യുന്നു.
















## Editorial Board

Chief Editor:

Kamalam K (Headmistress)

Student Editors :

Naseena PM
Ishal Krishna PV

Staff Editors :

Indu R
Davood PT

Cover design :

Dhanasrey MM

